പ്രവാസി മലയാളികളെക്കുറിച്ച് സർവ്വേ

13(*280) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക്-ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി മലയാളികളുടെ എണ്ണം സംബന്ധിച്ച് സർക്കാരിന് വ്യക്തമായ കണക്കുകൾ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(സി) ഇല്ലെങ്കിൽ ഇവരുടെ എണ്ണം ശേഖരിക്കുന്നതിനുവേണ്ടി സർവ്വേ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത സർവ്വേ എങ്ങനെയാണ് നടത്തുവാൻ ഉദ്ദേശിക്കുന്നതെന്നത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ?

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) :

(എ&ബി) പ്രവാസി മലയാളികളുടെ എണ്ണം സംബന്ധിച്ച വ്യക്തമായ കണക്കുകൾ സർക്കാരിന്റെ പക്കൽ ഇപ്പോൾ ലഭ്യമല്ല.

(സി&ഡി) വിദേശമലയാളികളുടേയും, മറുനാടൻ മലയാളികളുടേയും ക്ഷേമത്തിനും പുനരധിവാസത്തിനും പര്യാപ്തമാകുന്ന രീതിയിൽ ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിന് ഉദ്ദേശിക്കുന്നു. ഡാറ്റാ ബാങ്കിന്റെ പ്രാരംഭ നടപടികളുടെ ഭാഗമായി വിശദപദ്ധതി റിപ്പോർട്ട് (Detailed Project Report) തയ്യാറാക്കിയിട്ടുണ്ട്. റിപ്പോർട്ട് തയ്യാറാക്കുന്നതിന് മുന്നോടിയായി ചെങ്ങന്നൂർ, വയനാട് എന്നീ സ്ഥലങ്ങളിൽ സാമ്പിൾ പഠന സർവ്വേ നടത്തുകയുണ്ടായി. ഇതോടൊപ്പം തന്നെ സംസ്ഥാന മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ, സെൻസസ് ഡയറക്ടർ, ജനസംഖ്യാശാസ്ത്രജ്ഞർ, ബന്ധപ്പെട്ട മറ്റ് വകുപ്പധികാരികൾ എന്നിവരുമായും വിശദമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. സംസ്ഥാന ആസൂത്രണബോർഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, എക്കണോമിക്സ്& സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് തുടങ്ങിയ വിവിധ സർക്കാർ-സർക്കാരേതര സ്ഥാപനങ്ങളുമായി സഹകരിച്ചാണ് സർവ്വേ നടത്തുവാൻ ഉദ്ദേശിക്കുന്നത്. സമ്പൂർണ്ണ സർവ്വേ നടത്തുന്നതോടെ ഇന്ത്യയ്ക്കകത്തും ഇതര സംസ്ഥാനങ്ങളിലേയും പുറത്ത് വിവിധ രാജ്യങ്ങളിലേയും പ്രവാസി മലയാളികളെ സംബന്ധിച്ച് വിശദമായ വിവരങ്ങൾ ലഭ്യമാകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly